II ഇ.ബി. XIV - കേരള നിയമസഭ/XIX-4

# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 മാർച്ച് 05, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10 (*91) തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ച പാക്കേജ്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഇതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഫിഷറീസ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 1902 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും 2450 കോടി രൂപയുടെ പുനർഗേഹം

പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് മുട്ടത്തറയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും തീരദേശ സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ പശ്ചാത്തല സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിവരികയാണെന്നും മന്ത്രി അറിയിച്ചു. ഫിഷറീസ് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുതലപ്പൊഴി, താന്നി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പൂന്തുറ ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. പരപ്പനങ്ങാടിയിലും ചെത്തിയിലും മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കിഫ്ബി വഴി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലുള്ള 15 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനുള്ള പദ്ധതി നടപ്പാക്കുമെന്നും മറ്റ് മത്സ്യമാർക്കറ്റുകളുടെ കാര്യത്തിൽ ഡി.പി.ആർ. തയ്യാറാക്കിവരികയാണെന്നും ഷിറിയ, പുതിയങ്ങാടി, അജാനൂർ എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിന്

റീബിൽഡ് കേരളയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനം കഴിഞ്ഞ സാമ്പത്തിക വർഷം 150 കോടി രൂപയുടെ മണ്ണെണ്ണ സബ്സിഡി നൽകിയിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മുഴവൻ പേരെയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചതിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും കല്ലുമ്മേക്കായ ഉൽപ്പാദനത്തിന് കൃത്രിമ ഹാച്ചറികൾ നിർമ്മിക്കുമെന്നും കൊറോണ വൈറസുമായി ബന്ധപ്പെട്ട് അന്യരാജ്യങ്ങളിൽ അകപ്പെട്ട മൽസ്യത്തൊഴിലാളികളെ തിരികെക്കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

11 (*92) പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കൈവശ ഭൂമിയുടെ പട്ടയലഭ്യതയ്ക്കുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ടെന്നും കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടുന്നതിൽ കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറവുചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പതിച്ചു കിട്ടുന്ന കൈവശ ഭൂമിയുടെ

ഈടിന്മേൽ ബാങ്കുകളിൽനിന്ന് ലോൺ എടുക്കാവുന്ന തരത്തിലും പട്ടയ ഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം അവർക്കുതന്നെ ലഭിക്കുന്ന തരത്തിലും ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. സംസ്ഥാന ലാൻഡ് ട്രൈബ്യൂണലുകളിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യസിച്ച് 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ എൽ.എ. സ്പെഷ്യൽ തഹസിൽദാർക്ക് എൽ.റ്റി.യുടെ ചുമതല നൽകുകയും എൽ.റ്റി.യിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസർമാരുടെ കുറവ് പരിഹരിക്കാൻ വില്ലേജ് ഓഫീസർമാരെ റിപ്പോർട്ടിംഗ് ഓഫീസർമാരായി അധികാരപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി. കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് വടക്കൻ ജില്ലകളിൽ 15 സ്പെഷ്യൽ തഹസിൽദാർമാർക്ക് എൽ.റ്റി.യുടെ അധിക ചുമതല നൽകുകയും ജീവനക്കാർക്ക് പരിശീലനങ്ങളും കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തൽ യോഗങ്ങളും കേസ് റിക്കോർഡുകളുടെ ഡിജിറ്റൈസേഷനും നടത്തിയതിലൂടെ ധാരാളം കേസുകൾ തീർപ്പാക്കാനും സാധിച്ചിട്ടുണ്ട്.

32000 കാണകുടിയാന്മാരുടെ പട്ടയപ്രശ്നം പരിഹരിക്കാൻ സാധിച്ചുവെന്നും 01-01-1977-നു മുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് ആയത് പതിച്ചു കൊടുക്കുന്നതിനുവേണ്ടി വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയും കേന്ദ്രാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതും സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്തതുമായ കേസുകളിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മിച്ചഭൂമി പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. മതിയായ രേഖകൾ ഇല്ലാതെ കൈവശം വച്ചിരിക്കുന്ന ആരാധനാലയങ്ങളുടെയും ശ്മശാനങ്ങളുടെയും ഭൂമിയിൽ പരമാവധി ഒരേക്കർ വരെ നിബന്ധനകൾക്ക് വിധേയമായി ആവശ്യാനുസരണം പതിച്ചുനൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ചിന്നക്കനാൽ, വട്ടവട, ദേവികുളം, കെ.ഡി.എച്ച്. തുടങ്ങിയ പ്രദേശങ്ങളിലെ പട്ടയ വിതരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മാനന്തവാടി, കാഞ്ഞിരങ്ങാട്, തിരുനെല്ലി, പനമരം തുടങ്ങിയ വില്ലേജുകളിൽ താമസിക്കുന്നവർക്ക് കൈവശരേഖ ലഭിക്കുന്നതിലുള്ള കാലതാമസത്തെക്കുറിച്ചും ഉദയനാപുരം, തലയാഴം രാജീവ് ഗാന്ധി

ഹൗസിംഗ് കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതു സംബന്ധിച്ചും പരിശോധിക്കുമെന്നും മിച്ചഭൂമി വിതരണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12 (*93 ) <u>റീസർവെ നടപടികൾ</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 907 വില്ലേജുകളുടെ റീസർവേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ വേഗത്തിലാക്കാൻ Continuously Operating Reference Stations (CORS) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടെന്നും ഇതിലേയ്ക്കായി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സാറ്റലൈറ്റ് സിഗ്നലുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ETS, GPS മെഷീനുകൾ ഉപയോഗിച്ച് സർവേ നടത്തുമെന്നും സഭയെ അറിയിച്ചു. റവന്യൂ, രജിസ്ട്രേഷൻ, സർവേ എന്നീ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മണ്ണാർക്കാട് താലൂക്കിലെ 465 കുടുംബങ്ങൾക്ക് പട്ടയം

നൽകുന്നതിലുണ്ടായ കാലതാമസം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 961 മുതൽ 1300 വരെയുള്ള ചോദ്യങ്ങളിൽ 81 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)